പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.3575

15/03/2018 ൽ
മറുപടിക്ക്

## ഖാദി ഗ്രാമ വ്യവസായ മേഖല പുനരുദ്ധാരണം

ചോദ്യം

ശ്രീ. മുരളി പെരുനെല്ലി
ശ്രീ.സി.കൃഷ്ണൻ
ശ്രീ.പി. ഉണ്ണി
ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖല പുനരുദ്ധരിക്കുന്നതിന്റെയും ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി എല്ലാ ജില്ലകളിലും ഖാദിഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2017-18 വർഷത്തിൽ ആരംഭിച്ച ഖാദി ഗ്രാമം പദ്ധതി 5 വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നടപ്പ് വർഷം കണ്ണൂർ കാസർഗോഡ്, വയനാട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 4.52 കോടി രൂപയ്ക്കും ഖാദി ബോർഡിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ നിന്നും ഒരു കോടി രൂപ ഖാദി ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 10 ഖാദി ഗ്രാമം (ചർക്ക) 5 ഖാദി ഗ്രാമം (തറി), എന്നിവ സൃഷ്ടിക്കുന്നതിലേക്കായി 250 ചർക്കകളും 50 തറികളും വാങ്ങി അതിനായുള്ള നെയ്ത്ത് പരിശീലനം ആരംഭിച്ചിട്ടുണ്ട്. പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് തന്നെ 15 ഖാദി ഗ്രാമങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഖാദി ഗ്രാമം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുമായി കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ ചർക്ക - തറി റിപ്പയറിംഗ് യൂണിറ്റ്, സ്പെയർപാർട്സ് ഗോഡൌൺ, നെയ്ത്ത് പരിശീലന കേന്ദ്രം എന്നിവ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള ചർക്കകളും തറികളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പദ്ധതിയ്ക്കായി 2018-19 വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (സി) | 2018-19 വർഷത്തെ ബഡ്ജറ്റിൽ 4.32 കോടി രൂപ ഖാദി ഗ്രാമം പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഉല്പാദനം, തൊഴിലാളികളുടെ എണ്ണം എന്നിവയ്ക്ക് ആനുപാതികമായി ഉണ്ടാകുന്ന ചെലവിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഖാദി ബോർഡ് തൊഴിൽ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**